# മഹാത്മാഗാന്ധി സർവ്വകലാശാല

**(സംഗ്രഹം)**

പിഎച്ച്.ഡി. പ്രോഗ്രാം - ഗവൺമെന്റ്/കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജുകളിലെ ഗവേഷണ മാർഗദർശികൾക്ക് സ്ഥലം മാറ്റം ലഭിക്കുമ്പോൾ ഗവേഷണ കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ X സെക്ഷൻ

സ.ഉ.നം.7129/AX/1/2017/ അക്കാദമിക് — പ്രിയദർശിനി ഹിൽസ്, തീയതി: 01.12.2017

---

പരാമർശം: (1) 01.10.2016-ാം തീയതിയിലെ 5299/AI/2016/Acad നമ്പർ സർവകലാശാല ഉത്തരവ്.
(2) 13.07.2017-ാം തീയതിയിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ് ഇനം നം. 09.

## ഉത്തരവ്

പരാമർശം (1) പ്രകാരം സർവകലാശാലാ ഗവേഷണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ രണ്ട് റഗുലർ അധ്യാപകർ എങ്കിലും ഉണ്ടായിരിക്കണം എന്ന് നിഷ്കർശിച്ചിട്ടുണ്ട്.

ഗവൺമെന്റ്/കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിലെ 2 ഗവേഷണ മാർഗദർശികളിൽ ഒരാൾ സ്ഥലം മാറ്റം മൂലം ഗവേഷണ കേന്ദ്രത്തിൽ നിന്നും മാറിയാൽ ടി ഗവേഷണ കേന്ദ്രങ്ങൾ നിലനിർത്തുന്നത് സംബന്ധിച്ച വിഷയം 13.07.2017-ാം തീയതിയിൽ കൂടിയ അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി പരിഗണിക്കുകയും ഒരു അംഗീകൃത ഗവേഷണ കേന്ദ്രത്തിലെ രണ്ട് ഗവേഷണ മാർഗദർശികളിൽ ഒരാൾ സ്ഥലം മാറ്റം മൂലം ഗവേഷണ കേന്ദ്രത്തിൽ നിന്നും മാറിയാൽ ആ ഗവേഷണ കേന്ദ്രത്തിന് തുടർന്നും അംഗീകാരം നിലനിർത്തുവാൻ ശിപാർശ ചെയ്യുകയും ചെയ്തു. ഇങ്ങനെയുള്ള ഗവേഷണ കേന്ദ്രത്തിൽ നില നിൽക്കുന്ന ഏക ഗവേഷണ മാർഗദർശിയുടെ കീഴിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണ ത്തിനുള്ള പ്രവേശനം നൽകുന്നതിനും ശിപാർശ ചെയ്തു.

അക്കാദമിക കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽ ശിപാർശ 1985 ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലർ അംഗീകരിച്ചിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
സുകുമാരൻ ടി.ബി
അസി. രജിസ്ട്രാർ (അക്കാദമിക്-I)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-

1. വി.സി. യുടെ പി.എസ്/പി.വി.സി.യുടെ പി.എസ്.
2. രജിസ്ട്രാറുടെ പി.എ./കൺട്രോളർ ഓഫ് എക്സാമിനേഷൻസിന്റെ പി.എ.
3. ഡയറക്ടർ ഓഫ് റിസർച്ച്
4. എസി.എ1/എസി.എ6/എസി.എ2/എസി.എ11/ഇ.ബി.10/ഇ.ബി.14 സെക്ഷനുകൾ
5. എല്ലാ ഗവേഷണ കേന്ദ്ര മേധാവികൾക്കും
6. കണ്ടന്റ് മാനേജ്മെന്റ് സെൽ (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി)
7. റെക്കോർഡ്സ് സെക്ഷൻ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി
9. ഫയൽ നം. എസി.എ6/1/RCT/234/2017

ഉത്തരവ് പ്രകാരം

സെക്ഷൻ ഓഫീസർ